'ഭരണഭാഷ - മാതൃഭാഷ'

നം. എ/75/2020/പി.ഡി.എൽ.എസ്.ജി.ഡി


തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം
5-ാം നില, സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി. ഒ, തിരുവനന്തപുരം
പിൻ - 695 003
ഫോൺ : 0471 - 2313045
ഇ-മെയിൽ : pdlsgkerala@gmail.com


തീയതി : 16.03.2020

പ്രേഷിതൻ

പ്രിൻസിപ്പൽ ഡയറക്ടർ

സ്വീകർത്താവ്

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമവികസന കമ്മീഷണർ
3. നഗരകാര്യ ഡയറക്ടർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം
5. മുഖ്യ നഗര ഗ്രാമാസൂത്രക

സർ/മാഡം,

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - കോവിഡ് 19 വൈറസ് വ്യാപനം - പ്രതിരോധ പ്രവർത്തനങ്ങൾ - ബ്രേക്ക് ദ ചെയിൻ ക്യാമ്പെയിൻ പ്രവർത്തനങ്ങൾ - സംബന്ധിച്ച്

സൂചന : ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 15.03.2020-ലെ വാർത്താക്കുറിപ്പ്

കോവിഡ് 19 വൈറസ് വ്യാപനം തടയുന്നതിൻറെ ഭാഗമായി ആരോഗ്യവകുപ്പ് "ബ്രേക്ക് ദ ചെയിൻ" ക്യാമ്പയിനിന് തുടക്കം കുറിക്കുകയാണ്. ആയതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള സൂചന വാർത്താക്കുറിപ്പ് അടിയന്തിര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയക്കുന്നു.

പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്

PRINCIPAL DIRECTORATE LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM

മേലെഴുത്ത് നം: ഇ1/2210/15/സിഇ/തസ്വഭവ തീ: 16.03.2020

സൂചന വാർത്താക്കുറിപ്പിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടികൾക്കായി വെബ്സൈറ്റ് മുഖേന ഈ വകുപ്പിലെ എല്ലാ നിർവ്വഹണാധികാരികൾക്കും നൽകുന്നു. വാർത്താക്കുറിപ്പിലെ നിർദ്ദേശങ്ങൾ കർശനമായും സമയബന്ധിതമായും പാലിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

# ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 15.03.2020-ലെ വാർത്താക്കുറിപ്പ്

കോവിഡ് 19 വൈറസ് വ്യാപനം തടയാൻ ആരോഗ്യ വകുപ്പ് Break the Chain ക്യാമ്പയിന് തുടക്കം കുറിക്കുകയാണ്. ഫലപ്രദമായി കൈ കഴുകി, വ്യക്തിശുചിത്വം പാലിച്ച് കോവിഡ് 19 വൈറസിന്റെ വ്യാപനത്തെ ഫലപ്രദമായി പ്രതിരോധിക്കുകയാണ് Break the Chain ക്യാമ്പയിന്റെ ലക്ഷ്യം.

സർക്കാർ-അർദ്ധ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ക്യാമ്പയിൻ സംഘടിപ്പിക്കണം.

സ്ഥാപനത്തിലേക്ക് ജീവനക്കാരും പൊതുജനങ്ങളും പ്രവേശിക്കുന്നതിനുമുമ്പ് Hand Sanitizer ഉപയോഗിക്കുന്നതിനോ, ഹാൻഡ് വാഷ് സോപ്പ് ഉപയോഗിച്ച് കഴുകുന്നതിനോ ഉള്ള സൗകര്യം ഒരുക്കുകയും ഇവ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യണം. ഇതിനായി എല്ലാ പ്രധാന ഓഫീസുകളുടേയും കവാടത്തോട് ചേർന്ന് Break the Chain കിയോസ്കുകൾ സ്ഥാപിക്കണം.

റസിഡൻഷ്യൽ അസോസിയേഷനുകളും ഫ്ളാറ്റുകളും അവരുടെ കെട്ടിടങ്ങൾ പ്രവേശിക്കുന്നിടത്ത് Break the Chain കിയോസ്കുകൾ സ്ഥാപിക്കുകയും വീട്ടുകളിലേക്കും ഫ്ളാറ്റുകളിലേക്കും പ്രവേശിക്കുന്നവർ കൈകളിൽ വൈറസ് മുക്തിയായി കയറണമെന്ന് ഉറപ്പ് വരുത്തുകയും വേണം.

ബസ് സ്റ്റോപ്പുകൾ, മാർക്കറ്റ് എന്നീ പൊതു ഇടങ്ങളിൽ Break the Chain ക്യാമ്പയിന്റെ ഭാഗമായി സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും അതിന്റെ ഉപയോഗം ഉറപ്പ് വരുത്തുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകാവുന്നതാണ്.

രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ബഹുജന ക്യാമ്പയിനായി ഇതിനെ മാറ്റുന്നതിന് യുവജന സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സേവനം ലഭ്യമാക്കും.